

# വായനക്കാരുടെ കത്തുകൾ/പ്രതികരണങ്ങൾ

## വികസനമോ? പ്രഹസനമോ?

നാട്ടിൽ പുതിയ വികസനം വരുന്നത് വളരെ സ്വാഗതവും സന്തോഷവുമാണ്. എന്നാൽ വികസനത്തിന്റെ മറവിൽ ചൂഷണമായ അനുഭവങ്ങൾ ഉണ്ടാകുമ്പോൾ ജനങ്ങൾ പ്രതികരിക്കുന്നു. ഇത് വികസനത്തോടുള്ള എതിർപ്പല്ല. നാട്ടിൽ കുടിവെള്ളം കിട്ടാൻ നെട്ടോട്ടം ഓടുമ്പോൾ അത് ഒരു തമാശയായി കാണുന്നവർ ഉണ്ട്. പുതിയ വികസനത്തിന്റെ പേരിൽ ഇല്ലാത്ത പലപല പദ്ധതികളും കെട്ടിച്ചമച്ച് പണം വാരിക്കൂട്ടാൻ കാത്തിരിക്കുന്നവർക്ക് ഒത്താശ പാടുന്ന രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥരും നിലവിലുള്ള പദ്ധതികളെ ചവിട്ടിത്താഴ്ത്തി പുതിയ മാർഗ്ഗരേഖകൾ സൃഷ്ടിച്ച് കീശ വീർപ്പിക്കുന്നതിനുവേണ്ടി കെട്ടി ഇറങ്ങുന്നു. കുടിവെള്ളം കിട്ടാൻ കാത്തിരിക്കുന്നവർ സ്വപ്നം കാണുക മാത്രം ഫലം. വെള്ളം കിട്ടാതെ അലയുമ്പോൾ ആർക്കും പ്രയോജനമില്ലാതെ ഇതുമായി ബന്ധപ്പെട്ട പ്രവർത്തകരുടെ ശ്രദ്ധക്കുറവുകൊണ്ട് പല ഭാഗത്തും പൈപ്പുകൾ പൊട്ടിയും മറ്റും നടുറോഡിൽ കുളം പോലെ വെള്ളം ചോർന്നു നശിക്കുന്നു. പലപ്പോഴും ചില സ്ഥാപനങ്ങളുടെ വാട്ടർ ടാങ്കുകൾ നിറഞ്ഞ് ഒഴുകിയാൽ തന്നെ ശ്രദ്ധിക്കാത്ത കാരണത്താൽ എത്രയോ ജലം നശിച്ചുപോകുന്നു. ഇത് ചൂണ്ടിക്കാട്ടിയാൽ ഉത്തരവാദപ്പെട്ടവർക്ക് ഒരു നേരംപോക്കുപോലെ തോന്നും. ഇത് അനുഭവമാണ്. ഇതുപോലെത്തന്നെ പുതിയ റോഡ് വരുന്നതിന് എതിരല്ല. പക്ഷേ നിലവിലുള്ള റോഡുകൾ കുണ്ടും കുഴിയും പൊട്ടിയും പൊടിഞ്ഞും കിടക്കുന്നതിന് പ്രധാന കാരണം റോഡ് നിർമ്മാണത്തിലെ അപാകതയാണ്. റോഡുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ തങ്ങളുടെ കണ്ണിന്റെ മുമ്പിൽ കണ്ടുകൊണ്ട് കാണാത്ത ഭാവത്തിൽ നടിച്ചു. പുതിയ റോഡ് വന്നാലെ ചില ഗുണങ്ങൾ ഉണ്ടാകുകയുള്ളൂ എന്നു മനസ്സിലാക്കിക്കൊണ്ട് പുതിയ റോഡ് നിർമ്മാണത്തിനുവേണ്ടി ഒത്താശ ചെയ്യുന്നു. പല പദ്ധതികളും വിദേശ വായ്പയുടെ കീഴിൽ പെടുത്തുവാൻ ശ്രമിക്കുന്നവർ പഴയ റോഡുകളെ അവഗണിച്ചുകൊണ്ട് പുതിയ റോഡിന് പ്ലാനുകൾ ഇടുന്നു. നിലവിലുള്ള റോഡ് നന്നാക്കാൻ വേണ്ടി മുറവിളി കൂട്ടുമ്പോൾ അവരുടെ കണ്ണിൽ പൊടിയിടാൻ വേണ്ടി താൽക്കാലിക പണി നടത്തും. ഒരു മഴ കഴിഞ്ഞാൽ അത് പഴയതുപോലെ തന്നെ. ഇന്നത്തെ റോഡിന്റെ അവസ്ഥകൾ കൊണ്ട് എത്രയോ റോഡ് അപകടങ്ങളും മരണങ്ങളും നിത്യേന നടക്കുന്നു. വികസനം എന്ന മറവിൽ മാറ്റം വരുത്താൻ വേണ്ടി വെമ്പൽകൊള്ളുന്നതിന്റെ പിന്നാമ്പുറം എല്ലാവർക്കും അറിയാം. ചെറിയ ചെറിയ കാരണങ്ങൾ പറഞ്ഞ് നിലവിലുള്ള വികസനത്തെ അട്ടിമറിച്ചുകൊണ്ട് പുതിയ വികസനം പീഡനപരമായിട്ട് നടത്തുന്നു. ചെറിയ റോഡ് നിർമ്മിക്കുക ചിലരുടെ സൗകര്യം കണക്കിലെടുത്തു മാറ്റങ്ങൾ വരുത്തി സ്വാർത്ഥ ലാഭം കൊയ്യുവാൻ വേണ്ടി നല്ല റോഡുകളെ വീണ്ടും വളച്ചൊടിക്കുന്നു. ചെറിയ വളവുകൾ നിവർത്താൻ വേണ്ടി വലിയ വളവുകൾ സൃഷ്ടിക്കുകയാണ്. ഭരിക്കുന്നവർ തങ്ങളുടെ കാലാവധി കഴിയുമ്പോഴേക്കും നടപ്പിലാക്കാൻ കഴിയാത്ത പലതിനും തറക്കല്ലിടും. ഇങ്ങനെ തറക്കല്ല് ഇട്ടത് കാടുപിടിച്ച് കിടക്കുന്നത് പല സ്ഥലത്തും കാണാം. വികസനപ്രവർത്തകർ ഊരുചുറ്റി മറ്റു രാജ്യങ്ങളുടെ വികസനം ഇവിടെ പകർത്താൻ ശ്രമിക്കുമ്പോൾ ഇവിടത്തെ സ്ഥിതി ആദ്യം മനസ്സിലാക്കണം. അല്ലാതെ അപ്പാടെ പകർത്തണം എന്ന് വിചാരിച്ചാൽ പരാജയമാണ്. പഴയതിനെ ഉപകാരപ്പെടുത്താൻ കഴിഞ്ഞാൽ ചിലവ് കുറഞ്ഞിരിക്കുകയും വൻകടം ഇല്ലാതെയും നിലവിലുള്ള വികസനം പുരോഗമിക്കുകയും ചെയ്യും. പല പുതിയ വികസന പരിപാടികളും. വികസിക്കാതെ പോയിരിക്കുന്നു. ഇവിടത്തെ മാലിന്യങ്ങൾ നീക്കം ചെയ്യാൻ പല തന്ത്രങ്ങളും ചെയ്തെങ്കിലും വലിയ വിജയം ഉണ്ടായിട്ടില്ല. രാവിലെ മാലിന്യങ്ങൾ ലോറിയിൽ കയറ്റി എവിടെയെങ്കിലും ഇടാൻ പുറപ്പെടും എവിടെ എത്തിയാലും ജനങ്ങളുടെ എതിർപ്പുകാരണം ഒരു സ്ഥലത്തും ഇടാൻ കഴിയാതെ അവസാനം വൈകുന്നേരം പുറപ്പെട്ട സ്ഥലത്തുതന്നെ എത്തി ഇറക്കുന്നു. പണിക്കാരുടെ കൂലി, ലോറി വാടക, കരാറുകാരന്റെ പോക്കറ്റിൽ പോയത്, ഇത് എല്ലാം നഷ്ടം. ഇത് ആരുടെ നഷ്ടം, നമ്മുടെ നഷ്ടം. ദൈവത്തിന്റെ സ്വന്തം നാട് എന്ന അഭിമാനിക്കുന്ന കേരളത്തിൽ വികസനം ഒരിക്കലും പ്രഹസനമാകരുത്.

*ചെറിയാൻ തോട്ടുങ്കൽ*

*പി.ഒ. കരുവിശ്ശേരി, കോഴിക്കോട്-673 010*

## പെരിയചോല-തേക്കടി റോഡു നിർമ്മാണം തടയണം

നെന്മാറ ഫോറസ്റ്റ് ഡിവിഷണിൽ പെരിയചോല - തേക്കടി റോഡു നിർമ്മാണം തടയണമെന്നാവശ്യപ്പെട്ട് ജനജാഗ്രത വനംമന്ത്രിക്ക് കത്തയച്ചു. നെന്മാറ ഫോറസ്റ്റ് ഡിവിഷണിൽ പെരിയചോല മുതൽ പറമ്പിക്കുളം തേക്കടി വരെയുള്ള 5.52 കി.മീ. റോഡുനിർമ്മാണം 65.13 ലക്ഷം ചിലവഴിച്ച് നബാർഡിന്റെ സഹായത്തോടെയാണ് നടത്തുന്നത്. ഇതിന് 3.312 ഹെക്ടർ വനഭൂമി കേന്ദ്രഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. കേന്ദ്രഗവൺമെന്റിനെ തെറ്റിദ്ധരിപ്പിച്ചാണ് ഘോരവനത്തിൽ കൂടി ഈ റോഡുനിർമ്മാണം. ഇത് മണ്ണൊലിപ്പിനും വനനാശത്തിനുമൊക്കെ കാരണമാകും. വനസംരക്ഷണ നിയമത്തെയും സുപ്രീംകോടതി ഉത്തരവുകളെയും ലംഘിച്ചുകൊണ്ടാണ് പണി നടക്കുന്നത്. പറമ്പിക്കുളം വന്യമൃഗ സങ്കേതത്തിലും നിർദ്ദിഷ്ട പ്രോജക്ട് ടൈഗർ II-ൽ കൂടിയാണ് ഈ നിർമ്മാണ പ്രവർത്തി. ഇവിടെ കൂടിയുള്ള വാഹനഗതാഗതം വന്യമൃഗങ്ങൾക്ക് ഭീഷണിയാകും. ഈ റോഡുനിർമ്മാണം നെല്ലിയാംപതിയിലെ എസ്റ്റേറ്റ് ഉടമകളെയും വനംകൊള്ളക്കാരെയും, കഞ്ചാവ്-വന്യമൃഗവേട്ടക്കാരെയും സഹായിക്കാനാണെന്ന ആക്ഷേപമുണ്ട്. വനസംരക്ഷണത്തിനും ആദിവാസികളുടെ സൗകര്യത്തിനും ഇപ്പോൾ ഇവിടെയുള്ള ജീപ്പ് റോഡ് മതിയാകും. കേവലം 5.52 കി.മീ. റോഡ് നിർമ്മാണത്തിന് 65.13 ലക്ഷം രൂപ വളരെ കൂടുതലാണ്. അതീവ ജൈവ വൈവിദ്ധ്യങ്ങളുള്ളതും ecological fragile ലുമായ ഈ പ്രദേശത്തിന്റെ ആവാസവ്യവസ്ഥയേയും ഈ റോഡു നിർമ്മാണം തകർക്കുമെന്നതിൽ തർക്കമില്ല.

*ഡോ. പി.എസ്. പണിക്കർ*

*ജനജാഗ്രത, തൊറപ്പാളയം, പാലക്കാട്*